LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ പുനരുദ്ധാരണം

40 [494] ഡോ: എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരത്തു പ്രവർത്തിച്ചുവന്നിരുന്ന തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്ത്;

(ബി) പ്രസ്തുത മില്ലിന്റെ പുനരുദ്ധാരണത്തിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം സ്പിന്നിംഗ് മില്ലിലുള്ള എല്ലാ ജീവനക്കാരെയും സർക്കാർ നടപ്പിലാക്കുന്ന ഒരു സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിനും കമ്പനി അടച്ചുപൂട്ടുന്നതിനും പുനരുദ്ധാരണ നിർദ്ദേശ പ്രകാരം തീരുമാനം ആയിക്കഴിഞ്ഞു. ഇതനുസരിച്ച് 157 ജീവനക്കാർക്കായി 304.59 ലക്ഷം രൂപ കമ്പനി നൽകി കഴിഞ്ഞു. ബാക്കിയുള്ള 76 ജീവനക്കാരെക്കൂടി എസ്. എസ്. എൻ. പി. - യിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പരിഗണനയിലില്ല.

(സി) ബാധകമല്ല.

കരകൗശല വസ്തുക്കളുടെ വിപണനം

41 [495] ശ്രീ. കളത്തിൽ അബ്ദുള്ള:
,, കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വസ്തുക്കളുടെ വിപണനം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) ടൂറിസ്റ്റുകൾക്ക് വേണ്ട കരകൗശല സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യപ്പെടും വിധം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ടൂറിസ്റ്റു കേന്ദ്രങ്ങളിലും കരകൗശല വസ്തുക്കളുടെ പ്രദർശനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരകൗശല വികസന കോർപ്പറേഷൻ കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്ട് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി), കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴിയാണ് കരകൗശല വസ്തുക്കളുടെ വിപണനം പ്രധാനമായും നടക്കുന്നത്.

കരകൗശല വികസന കോർപ്പറേഷനും സുരഭിയും കേരളത്തിനകത്തും പുറത്തും വിവിധ ടൂറിസ്റ്റു കേന്ദ്രങ്ങളിലും പ്രദർശന വിപണനം നടത്തിയും ടി സ്ഥാപനങ്ങളിലെ വില്പന ശാലകളിൽ വിശേഷാവസരങ്ങളിൽ വിലയിൽ ആനുകൂല്യങ്ങളനുവദിച്ചും ടൂറിസ്റ്റുകളെയും ഉപഭോക്താക്കളെയും പരസ്യങ്ങൾ മുഖേന ബോധവൽക്കരിച്ചും കരകൗശല വസ്തുക്കളുടെ വിപണനം വർദ്ധിപ്പിക്കുന്നുണ്ട്.

കൂടാതെ ആർട്ടിസാൻസ് ഡവലപ്പ്മെന്റ്സ് കോർപ്പറേഷനും കരകൗശല വസ്തുക്കളുടെ വിപണനത്തിനുവേണ്ടി വിവിധ കേന്ദ്രങ്ങളിൽ പ്രദർശന മേളകൾ സംഘടിപ്പിക്കാറുണ്ട്.

(ബി) കരകൗശല വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഏഴ് ജില്ലാ ആസ്ഥാനങ്ങളിൽ വിൽപ്പനശാലകൾ പ്രവർത്തിച്ച് വരുന്നുണ്ട്. മറ്റ് ജില്ലാ ആസ്ഥാനങ്ങളിലും ടൂറിസ്റ്റു കേന്ദ്രങ്ങളിലും വിവിധ അവസരങ്ങളിൽ കരകൗശല വസ്തുക്കളുടെ പ്രദർശന വിപണനം നടത്തിവരുന്നുണ്ട്.

സുരഭിയുടെ ആഭിമുഖ്യത്തിൽ ജില്ലാ ആസ്ഥാനങ്ങളിലും പ്രധാനപ്പെട്ട ഹോട്ടലുകൾ, ടൂറിസ്റ്റ് ഓപ്പറേറ്റർമാർ, കോവളത്തെ ക്രാഫ്റ്റ് മാർക്കറ്റിംഗ് കോംപ്ലക്സ്, കലൂരിലെ ക്രാഫ്റ്റ് ഡവലപ്പ്മെന്റ് സെന്റർ എന്നിവയിലൂടെ ടൂറിസ്റ്റുകൾക്ക് ആവശ്യമായ കരകൗശല വസ്തുക്കളുടെ വിപണനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രദർശന വിപണനം നടത്തിവരാറുണ്ട്.

റൂറൽ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാമനുസരിച്ച് വായ്പാനുകൂല്യങ്ങൾ

42 [496] ശ്രീ. എ. സുജനപാൽ:
„ കെ. എ. ചന്ദ്രൻ:
„ വി. ജെ. പൗലോസ്:
„ എൻ. ഡി. അപ്പച്ചൻ:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ സംരംഭങ്ങൾക്ക് റൂറൽ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാമനുസരിച്ച് വായ്പാനുകൂല്യങ്ങൾ നൽകി വന്നിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly